I/55978/2021

DSLR/3587/2021-E1

## വിജ്ഞാപനം

2022 ജനവരി മാസം മുതൽ 2023 ജനവരി മാസം വരെയുള്ള ഒരു വർഷത്തേക്ക് മൂന്നു മാസം വീതം കാലദൈർഘ്യമുള്ള നാല് ബാച്ചുകളിലായി തിരുവനന്തപുരം, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ കേന്ദ്രങ്ങളിൽ തുടങ്ങുന്ന ചെയിൻ സർവ്വെ (ലോവർ) ക്ലാസ്സുകളിലേയ്ക്കുള്ള പ്രവേശനത്തിന് നിശ്ചിത യോഗ്യതയുള്ളവരിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചു കൊള്ളുന്നു.

സർവ്വെ ക്ലാസ്സിൽ ചേരുവാൻ ആഗ്രഹിക്കുന്നവർ അപേക്ഷകൾ 2021 ഡിസംബർ മാസം 31 തിയതിക്ക് മുൻപായി തിരുവനന്തപുരത്ത് വഴുതക്കാട്ടുള്ള സർവ്വേ ഡയറക്ടറാഫീസിൽ എത്തിച്ചിരിക്കണം. ടൈപ്പ് ചെയ്യുതോ കൈകൊണ്ടെഴുതിയതോ ആയ അപേക്ഷാ ഫോറങ്ങൾ ഉപയോഗിക്കാവുന്നതാണ്. അച്ചടിച്ച അപേക്ഷാ ഫോറങ്ങൾ ഈ ആഫീസിൽ നിന്നും വിതരണം ചെയ്യുന്നതല്ല. അപേക്ഷാ ഫോറം www.dslr.kerala.gov.in എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.

അപേക്ഷകർ എസ്.എസ്.എൽ.സിയോ തത്തുല്യമായ പരീക്ഷയോ പാസ്സായവരും, 35 വയസ്സ് പൂർത്തിയാകാത്തവരും ആയിരിക്കണം. എന്നാൽ പിന്നോക്ക സമുദായക്കാർക്ക് 38 വയസ്സും, പട്ടികജാതി, പട്ടികവർഗ്ഗക്കാർക്ക് 40 വയസും ആണ് ഉയർന്ന പ്രായപരിധി. 2021 സെപ്റ്റംബർ 1 -ാം തിയതി വച്ചു കണക്കാക്കേണ്ടതാണ്.

സർവ്വേസ്കൂളിൽ ചേരുന്നതിനുള്ള അപേക്ഷയോടൊപ്പം താഴെ പറയുന്ന റിക്കാർഡുകൾ ചേർത്തിരിക്കേണ്ടതാണ്.

(1) ഒരു ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ എസ്.എസ്.എൽ.സി ബുക്കിന്റെ ശരി പകർപ്പ്.

(വയസ് തെളിയിക്കുന്നതിന്റേയും, പബ്ലിക് പരീക്ഷയിൽ നേടിയ മാർക്ക് തെളിയിക്കുന്നതിന്റേയും പേജുകൾ)

(2) ബന്ധപ്പെട്ട ആഫീസിൽ നിന്നു ലഭിച്ച ജാതി തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റിന്റെ അസ്സൽ.

(പട്ടികജാതി, പട്ടികവർഗ്ഗക്കാർക്കു മാത്രം).

(3) ഏതെങ്കിലും ഒരു ഗസറ്റഡ് ഉദ്യോഗസ്ഥനിൽ നിന്നും 6 മാസത്തിനകം ലഭിച്ച സ്വഭാവ സർട്ടിഫിക്കറ്റ് (അസ്സൽ ).

(4) അപേക്ഷകർ ഏത് ജില്ലക്കാരനാണെന്ന് തെളിയിക്കുന്നതിന് വില്ലേജ് ആഫീസറുടേയോ, പഞ്ചായത്ത് പ്രസിഡന്റിന്റേയോ സർട്ടിഫിക്കറ്റ് (അസ്സൽ ).

അപേക്ഷ അയയ്ക്കുന്ന കവറിനു പുറത്ത് "സർവ്വേ സ്കൂളിൽ ചേരുന്നതിനുള്ള അപേക്ഷ എന്നും, കവറിന്റെ പുറത്തെഴുതുന്ന മേൽവിലാസത്തിൽ ഉദ്യോഗപ്പേരും സ്ഥലപ്പേരും (അതായത് "ഡയറക്ടർ" സർവ്വെ ആന്റ് ലാന്റ് റിക്കാർഡ്സ്, വഴുതക്കാട്, തിരുവനന്തപുരം) മാത്രമേ എഴുതാൻ പാടുള്ളൂ. വിമുക്തഭടന്മാർക്കും സമർപ്പിക്കാവുന്നതാണ്. പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതല്ല.

/8/2021

തെരഞ്ഞെടുക്കപ്പെടുന്ന അപേക്ഷകർ പ്രവേശനം കിട്ടുന്ന മുറയ്ക്ക് സർട്ടിഫിക്കറ്റുകളുടെ അസ്സലുകൾ സർവ്വെ സ്കൂൾ അധികാരികളുടെ മുൻപാകെ ഹാജരാക്കേണ്ടതാണ്. അർഹതയുള്ളവരെന്ന് സർവ്വെ ഡയറക്ടർക്ക് ബോധ്യപ്പെടുന്ന പക്ഷം സർക്കാർ ജീവനക്കാരെ 3-ാം ഖണ്ഡികയിൽ പറഞ്ഞിട്ടുള്ള, വയസ്സോ, പരീക്ഷാ യോഗ്യതയോ പരിഗണിക്കാതെ തെരഞ്ഞെടുക്കാവുന്നതും, അവർക്ക് സ്വന്തം ചിലവിൽ പഠിക്കാവുന്നതുമാണ്.

പബ്ളിക് സർവ്വീസ് കമ്മീഷൻ തിരഞ്ഞെടുക്കുന്ന വില്ലേജ് അസിസ്റ്റന്റ്മാർ, രണ്ടാം തരം ഡ്രാഫ്റ്റ്സ്മാൻ, സർവ്വെയർ, ട്രെയിസർമാർ ഇവർക്കും പ്രായപരിധിയോ, പരീക്ഷാ യോഗ്യതയോ, പരിഗണിക്കാതെ റവന്യൂ ഡിവിഷണൽ ആഫീസറുടേയോ, ജില്ലാ കളക്ടറുടേയൊ, സർവ്വെ ഡയറക്ടറുടെയോ ഏതാണെന്നുവച്ചാൽ അതു പ്രകാരമുള്ള നിർദ്ദേശാനുസരണം പ്രവേശനം അനുവദിക്കാവുന്നതാണ്.

താഴെ പറയുന്ന പ്രകാരമുള്ള അപേക്ഷകൾ യാതൊരു മുന്നറിയിപ്പും കൂടാതെ നിരസിക്കപ്പെടുന്നതാണ്.

1.ഒപ്പിടാത്തവ.

2.നിർദ്ദിഷ്ട യോഗ്യതയില്ലാത്തവ.

3.പ്രായപരിധി കഴിഞ്ഞവ.

4.വിജ്ഞാപനത്തിൽ പറഞ്ഞിട്ടുള്ള മറ്റ് പ്രധാന വ്യവസ്ഥകൾക്ക് വിധേയമാകാത്തവ.

5.എസ്.എസ്.എൽ.സി യുടെ ശരി പകർപ്പുകൾ ഗസറ്റഡ് ഉദ്യോഗസ്ഥനെ കൊണ്ട് സാക്ഷ്യപ്പെടുത്താത്തവ.

6.ഏതു കേന്ദ്രത്തിലേയ്ക്കാണ് പ്രവേശനം വേണ്ടതെന്ന് പ്രത്യേകം കാണിക്കാത്ത അപേക്ഷ.

കൂടുതൽ വിവരങ്ങൾ സർവ്വേ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റായ www.dsr.kerala.gov.in ൽ ലഭ്യമാണ്.

**Signed by P.r Pushpa**
**Date: 23-11-2021 16:19:14**

സർവ്വെ ഡയറക്ടർക്ക് വേണ്ടി